ലോക എയ്ഡ്സ് ദിനം 2025

സന്ദേശം

“പ്രതിസന്ധികൾ അതിജീവിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ മുന്നോട്ട്“

പശ്ചാത്തലം

ലോകമെമ്പാടും 1988 മുതൽ ഡിസംബർ 1 ലോക എയ്ഡ്സ് ദിനമായി ആചരിച്ചുവരുന്നു. എച്ച്.ഐ.വി അണുബാധിതരോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നതിനും, എച്ച്.ഐ.വി പ്രതിരോധത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായാണ് ഈ ദിനം ആചരിക്കുന്നത്. “പ്രതിസന്ധികൾ അതിജീവിച്ച് പ്രതിരോധ പ്രവർത്തങ്ങൾ മുന്നോട്ട്“ എന്നതാണ് ഈ വർഷത്തെ ലോക എയ്ഡ്സ് ദിന സന്ദേശം . ലോകത്താകമാനം സമീപകാലത്തായി എച്ച്ഐവി. നിയന്ത്രണ പ്രവർത്തനങ്ങൾക്കായുള്ള funding പ്രതിസന്ധി ഉണ്ടായിട്ടുണ്ട് . ഇത്തരം പ്രതിസന്ധികളെ തരണം ചെയ്യുന്നതിനായി അന്താരാഷ്ട്ര ദാതാക്കളും അന്താരാഷ്ട്ര സമൂഹവും ഒന്നാകെ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനായിട്ടുള്ള ഒരു ആഹ്വാനം കൂടിയാണ് ഈ വർഷത്തെ ദിനാചരണം . വരണ, വർഗ, ലിംഗ അസമത്വങ്ങൾ ഇല്ലാതാക്കികൊണ്ടും, സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവും നിയമപരവുമായ സമത്വം ഉറപ്പാക്കികൊണ്ടും മാത്രമേ എയ്ഡ്സ് എന്ന പൊതുജനാരോഗ്യ പ്രശ്നത്തെ ഇല്ലാതാക്കാൻ സാധിക്കുകയുള്ളൂ.

ഐക്യരാഷ്ട്രസഭയുടെ സുസ്ഥിരവികസന ലക്ഷ്യം അനുസരിച്ച് 2030-ഓടുകൂടി പുതിയ എച്ച്.ഐ.വി അണുബാധ ഇല്ലാതാക്കുന്നതിനുള്ള ശ്രമത്തിലാണ് ലോകരാജ്യങ്ങൾ

ഈ ലക്ഷ്യത്തിലെത്തുന്നതിന് മുന്നോടിയായി 2025-ഓടുകൂടി 95:95:95 എന്ന ലക്ഷ്യം കൈവരിക്കേണ്ടതുണ്ട് . ഇതിൽ ആദ്യത്തെ 95: എച്ച്.ഐ.വി ബാധിതരായ ആളുകളിലെ 95% ആളുകളും അവരുടെ എച്ച്.ഐ.വി അവസ്ഥ തിരിച്ചറിയുക. രണ്ടാമത്തെ 95: എച്ച്.ഐ.വി അണുബാധിതരായി കണ്ടെത്തിയ ആളുകളിലെ 95% ഉം ആന്റി റിട്രോ വൈറൽ (എ.ആർ.ടി) ചികിത്സയ്ക്ക് വിധേയരാകുക. മൂന്നാമത്തെ 95: ഇവരിലെ 95% ആളുകളിലും വൈറസിന്റെ അളവ് നിയന്ത്രണവിധേയമാക്കുക (viral load suppression) എന്നതാണ്

ഇതിൽ 2024 -ലെ നേട്ടം ഇപ്രകാരമാണ് :

	ആദ്യത്തെ 95	രണ്ടാമത്തെ 95	മൂന്നാമത്തെ 95
ഇന്ത്യ	85.3	87	97.3
കേരളം	83	>=95	99.8

എച്ച്.ഐ.വി അണുബാധ നമ്മുടെ സമൂഹത്തിൽ ഇപ്പോഴും ഒരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു. ഇനി പ്രതിപാദിക്കുന്ന കണക്കുകളും വിശകലനങ്ങളും അത് നമ്മെ മനസ്സിലാക്കിത്തരും.

എച്ച്.ഐ.വി. കണക്കുകൾ

ലോകത്താകമാനം 4.08 കോടി എച്ച്ഐവി ബാധിതർ ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. 2024 ഇൽ മാത്രം 13 ലക്ഷം ആളുകളിൽ പുതിയതായി എച്ച്ഐവി അണുബാധ കണ്ടെത്തി 6.3 ലക്ഷം ആളുകൾ എയ്ഡ്സ് മൂലം മരണപ്പെട്ടു.

ഇൻഡ്യയിൽ 25 ലക്ഷം ആളുകൾ എച്ച്ഐവി ബാധിതരാണെന്ന് കണക്കാക്കപ്പെടുന്നു. 2024 ഇൽ 63000 ആളുകളിൽ പുതിയതായി എച്ച്ഐവി അണുബാധ കണ്ടെത്തി, 32000 ആളുകള് എയ്ഡ്സ് മൂലം നമ്മുടെ രാജ്യത്ത് മരണപ്പെട്ടു.

കേരളത്തിൽ 23608 ആളുകൾ എച്ച്ഐവി ബാധിതരാണെന്ന് കണക്കാക്കപ്പെടുന്നു . 2024 ഇൽ 1213 ആളുകളിൽ പുതിയതായി എച്ച്ഐവി അണുബാധ കണ്ടെത്തി.

കേരളവും എച്ച്ഐവി യും

എച്ച്ഐവി അണുബാധ സാന്ദ്രത താരതമ്യേന കുറഞ്ഞ ഒരു സംസ്ഥാനമാണ് കേരളം. പ്രായപൂർത്തിയായവരിലെ എച്ച്.ഐ.വി സാന്ദ്രത ഇന്ത്യയിൽ 0.20 ആണെങ്കിൽ കേരളത്തിൽ അത് 0.07 ആണ്.


കേരളം എച്ച്ഐവി സാന്ദ്രത കുറഞ്ഞ സംസ്ഥാനമാണെങ്കിലും തൊഴിലിനും വിദ്യാഭ്യാസത്തിനുമായി മലയാളികൾ ഇതര സംസ്ഥാനങ്ങളിലേക്കും രാജ്യങ്ങളിലേക്കും കുടിയേറുന്നതും, ഇതര സംസ്ഥാനങ്ങളിൽ നിന്നും ആളുകൾ വർദ്ധിച്ച തോതിൽ കേരളത്തിലേക്ക് കുടിയേറുന്നതും നമ്മുടെ എച്ച്ഐവി വ്യാപന സാധ്യത വർധിപ്പിക്കുന്നു .

2022–23 (സാമ്പത്തിക വർഷം)ത്തെ കാലയളവിൽ പുതിയതായി എച്ച്ഐവി അണുബാധ കണ്ടെത്തിയത് 1183 വ്യക്തികൾക്കാണ് , 2023–24 ഇത് 1263 വ്യക്തികൾക്കും, 2024–25 ഇൽ 1213 വ്യക്തികൾക്കും, 2025 ഏപ്രിൽ മുതൽ ഒക്ടോബർ വരെ 818 വ്യക്തകൾക്കുമാണ്. അങ്ങനെ കഴിഞ്ഞ 3 വർഷത്തിൽ ആകെ 4477 വ്യക്തികൾ പുതിയതായി അണുബാധിതർ ആയി. അവരിൽ 3393 പുരുഷന്മാരും 1065 സ്ത്രീകളും (അവരിൽ 90 പേർ ഗർഭിണികൾ ആണ്) 19 ട്രാൻസ്ജെൻഡെർ വ്യക്തികളുമാണ്. ഓരോജില്ലയിലും HIV പരിശോധിച്ചു കണ്ടെത്തിയിട്ടുള്ളവരുടെ എണ്ണം ചുവടെ ചേർക്കുന്നു (അവർ ആ ജില്ലക്കാർ ആകണമെന്നില്ല)

(General client + Pregnant women)

District	2022–23	2023–24	2024–25	2025–26 (Apr-Oct)	Total
Ernakulam	217	241	232	160	**850**
Thiruvananthapuram	162	150	161	82	**555**
Thrissur	164	148	128	78	**518**
Kozhikode	106	139	118	78	**441**

Palakkad	86	104	98	83	**371**
Kottayam	95	116	91	48	**350**
Kannur	60	73	62	48	**243**
Kollam	54	59	71	39	**223**
Malappuram	47	52	68	48	**215**
Alappuzha	59	58	43	28	**188**
Pathanamthitta	35	26	51	50	**162**
Idukki	36	41	41	37	**155**
Kasaragod	42	38	33	26	**139**
Wayanad	20	18	16	13	**67**
Grand Total	**1183**	**1263**	**1213**	**818**	**4477**



Ernakulam, Thiruvananthapuram, Thrissur, Kozhikode: Priority Districts

എച്ച്ഐവി ആകെ നാല് മാർഗങ്ങളിലൂടെ ആണ് പകരുന്നത്. എച്ച്ഐവി അണുബാധ ഉള്ള ഒരു വ്യക്തിയുമായി സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിൽ ഏർപ്പെടുക, അണുവിമുക്തമാക്കാത്ത സിറിഞ്ചും സൂചിയും പങ്ക് വച്ചു മയക്കുമരുന്ന് ഉപയോഗിക്കുക, ആണുബാധയുള്ള രക്തം സ്വീകരിക്കുക എച്ച്ഐവി അണുബാധയുള്ള ഗർഭിണിയിൽ നിന്നും കുഞ്ഞിലേക്ക് എന്നിവയാണ് ആ മാർഗങ്ങൾ.

കഴിഞ്ഞ മൂന്നു വർഷത്തെ(2022 ഏപ്രിൽ മുതൽ 2025 ഒക്ടോബർ വരെ) കണക്കുകൾ പ്രകാരം കേരളത്തിലെ എച്ച്ഐവി അണുബാധാ കാരണങ്ങളുടെ പ്രവണതകൾ പരിശോധിച്ചാൽ 62.6%വ്യക്തികൾക്കും അണുബാധ ഉണ്ടായിരിക്കുന്നത് ഒന്നിലധികം പങ്കാളികളുമായി സുരക്ഷിതമല്ലാത്ത ലൈംഗിക ബന്ധത്തിൽ ഏർപ്പെട്ടതിലൂടെയാണ്. 24.6% വ്യക്തികൾക്ക് അണുബാധ ഉണ്ടായിരിക്കുന്നത് സ്വവർഗ്ഗ രതിയിലൂടെയാണ്, 8.1%


വ്യക്തികൾക്ക് സൂചി പങ്കിട്ടുകൊണ്ടുള്ള മയക്കു മരുന്നിന്റെ ഉപയോഗത്തിലൂടെ. 0.9% ഗർഭിണിയിൽ നിന്നു ശിശുവിലേക്കും കാരണം അറിയാത്ത 3.7% വും ,ഒന്നിലധികം കാരണങ്ങളാൽ അണുബാധ ഉണ്ടായിരിക്കുന്നത് 0.1% നു മാണ്.

Routes of Transmission of HIV


(General client + Pregnant women)

Route of transmission of HIV	2022-23	2023-24	2024-25	2025-2026 (Apr-Oct)	Grand Total
Heterosexual	779	821	732	471	2803
Hetrosexual/IDU	1	0	0	1	2
Homosexual/Bisexual	243	312	322	224	1101
Homosexual/IDU	1	0	0	1	2
IDU & Lesbian	0	1	0	0	1
Mother to Child	15	12	5	9	41
Not specified/ Unknown	84	33	29	20	166
Through Infected Needles and Syringes	60	84	125	92	361
Grand Total	**1183**	**1263**	**1213**	**818**	**4,477**

Route of Transmission	Total Cases	% of Total
Heterosexual	2,803	62.60%
Homosexual/Bisexual	1,101	24.60%
Through Infected Needles/Syringes	361	8.10%
Mother-to-Child Transmission	41	0.90%
Not Specified/Unknown	166	3.70%
Mixed Routes (Hetero/IDU + Homo/IDU + IDU/Lesbian)	5	0.10%
Grand Total	**4,477**	**100%**



HIV Positivity Trend (General Clients)



HIV Positivity trend (Pregnant women)

യുവതയും എച്ച്ഐവി യും

കണക്കുകൾ പ്രകാരം ആശങ്കാജനകമായ ഒരു വസ്തുത എന്തെന്നാൽ പുതിയതായി എച്ച്ഐവി അണുബാധിതർ ആകുന്നവരിൽ 15 നും 24 നും ഇടയിൽ പ്രായമുള്ളവർ 2022 മുതൽ 2024 വരെ യഥാക്രമം 9%,12%,14.2% എന്ന തോതിൽ ആണ്. 2025 ഏപ്രിൽ മുതൽ ഒക്ടോബർ വരെയുള്ള കാലയളവിൽ തന്നെ 15.4% ആണ് ഈ പ്രായത്തിലുള്ള പുതിയ അണുബാധിതർ. ഇത് മനസ്സിലാക്കിക്കൊണ്ട് യുവജനങ്ങളുടെ ഇടയിലുള്ള പ്രതിരോധ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തേണ്ടതുണ്ട്. കേരളത്തിലെ ഹൈസ്കൂൾ വിദ്യാർഥികളെ

ലക്ഷ്യം വച്ച് കൊണ്ട് വിദ്യാഭ്യാസ വകുപ്പുമായി സഹകരിച്ച് കൊണ്ട് കൗമാര വിദ്യാഭ്യാസ പരിപാടി (Adolescent Education Programme-AEP) നടത്തിവരുന്നു. കൂടാതെ നാഷണൽ സർവീസ് സ്കീം (NSS)ഉമായി സഹകരിച്ച് യുവജാഗരൺ എന്ന ക്യാംപയിൻ ആരംഭിച്ചിട്ടുണ്ട്. കോളേജ് തലത്തിൽ റെഡ് റിബൺ ക്ലബ് പ്രവർത്തനങ്ങളും മറ്റ് യുവാക്കൾക്കായി നെഹ്രു യുവ കേന്ദ്ര പോലുള്ള സംഘടനകളുമായി ചേർന്ന് ഔട്ട് ഓഫ് സ്കൂൾ യൂത്ത് പരിപാടിയും നടത്തുന്നുണ്ട്. എങ്കിൽ കൂടിയും ഇനിയും വളരെ അധികം ബോധവൽകരണ പരിപാടികൾ തുടർന്നും നടപ്പിലാക്കേണ്ടതുണ്ട്.

എച്ച്ഐവി പിടിപ്പെടാനുള്ള സാഹചര്യത്തിലൂടെ കടന്നു പോയിട്ടുള്ളവരിൽ പരിശോധന നടത്തുന്നതുനുള്ള ഒരു ചിന്തയും പ്രോൽസഹനവും ഉണ്ടാക്കുന്നതിനായി Know Your Status ക്യാംപെയിനും അമ്മയിൽ നിന്നും കുഞ്ഞിലേക്ക് എച്ച്ഐവിയും സിഫിലിസും തടയുന്നതിനുള്ള Elimination of Vertical Transmission of HIV and Syphilis (EVTHS) എന്ന ക്യാംപെയിനും ആരംഭിച്ചിട്ടുണ്ട്.

എച്ച്ഐവി പിടിപ്പെടാനുള്ള സാഹചര്യങ്ങളിൽ കൂടി കടന്നു പോയിട്ടുള്ള കൂടുതൽ ആളുകളെ എത്രയും നേരെത്തെ പരിശോധനയ്ക്ക് വിധേയരാക്കി അവർക്ക് ആവശ്യമായ ചികിത്സ നല്കുന്നതിനും നാം മുൻ ഗണന നല്കുന്നത് . എച്ച്ഐവി നേരെത്തെ കണ്ടെത്തി ശരിയായ രീതിയിൽ ചികിത്സ എടുക്കുകയാണെങ്കിൽ ആ വ്യക്തിയിൽ നിന്നും മറ്റൊരു വ്യക്തിയിലേക്ക് അണുബാധ പകരാത്ത വിധം അണുവിനെ നിരവീര്യമാക്കാൻ സാധിക്കും.

എച്ച്ഐവി പ്രതിരോധം, നിയന്ത്രണം അണുബാധിതരുടെ ചികിത്സ, പരിചരണം തുടങ്ങിയ മേഖലകളിൽ സംസ്ഥാന ആരോഗ്യ വകുപ്പിന് കീഴിലുള്ള കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റി (KSACS)വിവിധ പദ്ധതികളാണ് നടത്തി വരുന്നത് ഇതിനായി KSACS ന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന സേവന കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

1. ജ്യോതിസ് കേന്ദ്രങ്ങൾ (Integrated Counselling and Testing Centres – ICTC)

- സംസ്ഥാനത്ത് കൗൺസിലിംഗിനും, പരിശോധനക്കുമായി സർക്കാർ മേഖലയിൽ 88 സ്റ്റാൻഡ് എലോൺ ICTC കളും (ഇതിൽ 2 എണ്ണം മൊബൈൽ ICTC കളാണ്) , 670 ഫെസിലിറ്റി ICTC കളും പ്രൈവറ്റ് ആശുപത്രികളിൽ 810 HIV പരിശോധന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നു. സർക്കാർ കേന്ദ്രങ്ങളിൽ പരിശോധനയും കൗൺസിലിംഗും സൗജന്യമായി നൽകുകയും വിവരങ്ങൾ രഹസ്യമായി സൂക്ഷിക്കുകയും ചെയ്യും.
- എച്ച്.ഐ.വി. പരിശോധനയുടെ രീതി:
    - രക്തപരിശോധനയിലൂടെ മാത്രമേ എച്ച്.ഐ.വി അണുബാധ കണ്ടെത്താൻ സാധിക്കുകയുള്ളൂ.
    - രക്തത്തിൽ എച്ച്.ഐ.വി-യ്ക്കെതിരായ പ്രതിവസ്തു (antibody) ഉണ്ടോ എന്നാണ് പരിശോധിക്കുന്നത്
    - പ്രതിവസ്തുവിൻറെ സാന്നിദ്ധ്യം കണ്ടെത്താൻ മൂന്നുമാസംവരെ സമയമെടുക്കുന്നു. ഈ കാലയളവിനെ ജാലകവേള (Window Period) എന്ന് പറയുന്നു.
    - ആദ്യ പരിശോധനയിൽ പോസിറ്റീവാണെങ്കിൽ, 2 പരിശോധനകളും കൂടി നടത്തി മൂന്നു പരിശോധനകളും പോസിറ്റീവ് ആയാൽ എച്ച്.ഐ.വി പോസിറ്റീവ് ആണെന്ന് സ്ഥിരീകരിക്കുന്നു

2. ഉഷസ്സ് കേന്ദ്രങ്ങൾ (ART Centers)

- നിലവിൽ **18** ഉഷസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.
- സംസ്ഥാനത്ത് തിരുവനന്തപുരം, ആലപ്പുഴ , കോട്ടയം,ഇടുക്കി, തൃശ്ശൂർ , കോഴിക്കോ, മലപ്പുറം കണ്ണൂർ,പാലക്കാട്, മെഡിക്കൽ കോളേജുകളിലും, വയനാട് ,പാലക്കാട്, കണ്ണൂർ, കൊല്ലം ജില്ലാ ആശുപത്രികളിലും, , കാസർഗോഡ്, എറണാകുളം ജനറൽ ആശുപത്രികളിലും പത്തനംതിട്ട ബിലിവേർസ് ചർച്ച് മെഡിക്കൽ കോളേജ് , എറണാകുളം മലങ്കര ഒരത്തോഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ്, അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആശുപത്രികളിലുമായാണ് ഈ കേന്ദ്രങ്ങൾ[27].
- 2025 ഒക്ടോബറിലെ കണക്കനുസരിച്ച്: നിലവിൽ ART ചികിത്സയിലുള്ളവർ: 17697

3. കെയർ സപ്പോർട്ട് കേന്ദ്രങ്ങൾ (CSC)

- ART കേന്ദ്രങ്ങളിൽ ചികിത്സ എടുക്കുന്നവർക്ക് ആവശ്യമായ തുടർ സേവനങ്ങൾ ലഭ്യമാക്കാൻ എച്ച്.ഐ.വി അണുബാധിതരുടെ കൂട്ടായ്മകളിലൂടെ ഏഴ് ജില്ലകളിൽ (തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കാസർഗോഡ്) പ്രവർത്തിക്കുന്നു[30].

4. പുലരി കേന്ദ്രങ്ങൾ (STI Clinics)

- ലൈംഗികജന്യ രോഗങ്ങൾക്കുള്ള ചികിത്സ സൗജന്യമായി ലഭ്യമാക്കുന്നു.
- സംസ്ഥാനത്തെ ജില്ലാ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലുമായി 23 പുലരികേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു[32].

5. സുരക്ഷാ പദ്ധതികൾ (Targeted Intervention Projects)

- എച്ച്.ഐ.വി അണുബാധാ സാധ്യത കൂടുതലുള്ള വിഭാഗങ്ങൾക്കിടയിൽ എച്ച്.ഐ.വി പ്രതിരോധ പ്രവർത്തനങ്ങൾക്കായി കേരളത്തിലെ 14 ജില്ലകളിലായി **64** സുരക്ഷാ പദ്ധതികൾ പ്രവർത്തിച്ചുവരുന്നു[33].
- **പദ്ധതി വിഭാഗങ്ങൾ (പദ്ധതികളുടെ എണ്ണം):**
    - സ്ത്രീ ലൈംഗിക തൊഴിലാളികൾ: 17
    - പുരുഷ സ്വവർഗാനുരാഗികൾ: 7
    - മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർ: 6
    - ട്രാൻസ്ജെൻഡർ: 5
    - അതിഥി തൊഴിലാളികൾ: 15
    - ദീർഘദൂര ട്രാൻസ്പോർട്ട് തൊഴിലാളികൾ :4
    - കോംപോസിറ്റ്; 10
- പ്രതിരോധ പ്രവർത്തനങ്ങൾ: സുരക്ഷിതമല്ലാത്ത ലൈംഗികബന്ധം, കുത്തിവെയ്പുകൾ എന്നിവയിലൂടെ വരാൻ സാധ്യതയുള്ള അണുബാധകൾ തടയുന്നതിനായി ഉറകളുടെയും (condom), സൂചി, സിറിഞ്ച് എന്നിവയുടെയും വിതരണം നടത്തുന്നു.
- മയക്കുമരുന്ന് കുത്തിവയ്ക്കുന്നവർക്കായി 11 കേന്ദ്രങ്ങൾ വഴി Opioid Substitution Therapy (OST) നടപ്പിലാക്കിവരുന്നു.
- 56 ജയിലുകളിലും, 7 സ്വാദാർ/ ഉജ്വല ഹോംസ്, 21 ഡീഅഡിക്ഷൻ സെന്ററുകൾ മഹിളാ മന്ദിരങ്ങൾ ഉൾപ്പടെയുള്ള 31 സ്റ്റേറ്റ് റൺ ഹോംസ്, 10 ഒബ്സർവഷൻ ഹോംസ്, 20 നിർഭയ ഹോംസ് ഉൾപ്പടെയുള്ള സേവന കേന്ദ്രങ്ങളിൽ ഹൈവ് പ്രധിരോധ പ്രവർത്തനങ്ങൾ നടത്തുന്നു.

6. സുരക്ഷിത രക്തദാനം

- സന്നദ്ധ രക്തദാനം പ്രോത്സാഹിപ്പിക്കുന്നതിന് കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ കേരള സംസ്ഥാന എയ്ഡ്സ് നിയന്ത്രണ സൊസൈറ്റിയോടൊപ്പം പ്രവർത്തിക്കുന്നു.
- സംസ്ഥാനത്ത് **195** അംഗീകൃത രക്തബാങ്കുകൾ പ്രവർത്തിക്കുന്നുണ്ട്,
- കോളേജുകളിൽ പ്രവർത്തിക്കുന്ന റെഡ് റിബൺ ക്ലബ്ബുകൾ സന്നദ്ധ രക്തദാനത്തോട് ആഭിമുഖ്യം വളർത്താനും എച്ച്.ഐ.വി നിയന്ത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കാനും സഹായിക്കുന്നു[45].

7. എച്ച്.ഐ.വി ബാധിതർക്കായുള്ള ക്ഷേമപദ്ധതികൾ

- പഞ്ചായത്തുകളുടെ സഹായത്തോടെ പോഷകാഹാര വിതരണ പദ്ധതി.
- സർക്കാർ സഹായത്തോടെ പ്രതിമാസ ധനസഹായ പദ്ധതി
- സൗജന്യ ചികിത്സയും പരിശോധനകളും
- സൗജന്യ പാപ്സ്മിയർ (ഗർഭാശയ ക്യാൻസർ) പരിശോധന.
- **"**സ്നേഹപൂർവ്വം**"** വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതി
- എല്ലാ എച്ച്.ഐ.വി അണുബാധിതരെയും ബി.പി.എൽ പട്ടികയിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്

ആശങ്ക

നിലവിൽ ഒരുമാസം ശരാശരി 100 പുതിയ ച്ച്.ഐ.വി. ബാധിതർ ഉണ്ടാകുന്നു എന്നുള്ളത് ആശങ്കയുളവാക്കുന്നു.

യുവ ജനങ്ങളുടെ അശ്രദ്ധമായ ജീവിത രീതി, എച്ചഐവിയും മറ്റ് ലൈംഗിക രോഗങ്ങൾ പകരുന്നതിനു കാരണമാകുന്നു. ഇവയെ കുറിച്ചുള്ള ശരിയായ ധാരണ ഉണ്ടാക്കുന്നതിൽ വീഴ്ച വരുത്തുന്നില്ലേ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ശരിയായ മേൽ വിലാസമോ ഫോൺ നമ്പറോ ഇല്ലാത്തത് മൂലം HIV അണുബാധ കണ്ടെത്തിയ അതിഥി തൊഴിലാളികളുടെ തുടർ ചികിത്സ, അവരുടെ പങ്കാളികളെ പരിശോധിക്കുക, ചികിത്സ ഉറപ്പാക്കുക എന്നിവ ഒരു വെല്ലുവിളിയായി തുടരുന്നു.